**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *115 | 20.01.2014-ൽ മറുപടിയ്ക്ക്

## റോഡുകളുടെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.എം.ആരിഫ്**<br>**,, കെ.കുഞ്ഞമ്മത് മാസ്റ്റർ**<br>**,, ബി.സത്യൻ**<br>**ശ്രീമതി കെ.കെ.ലതിക** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി റോഡുകൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പണി പൂർത്തീകരിച്ച് ചുരുങ്ങിയ കാലയളവിൽ തന്നെ റോഡുകൾ തകരാൻ ഇടയാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;<br>(ബി) നിർമ്മാണത്തിലെ ക്രമക്കേടുകളാണോ ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന് പരിശോധിക്കാൻ തയ്യാറാകുമോ ; | **(എ) & (ബി) :**<br>കഴിഞ്ഞ കാലവർഷക്കാലത്ത് സാധാരണയിലും അധികമായി പെയ്ത മഴയിൽ സംസ്ഥാനത്ത് വ്യാപകമായി റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. പണി പൂർത്തീകരിച്ച് ഗ്യാരന്റി കാലാവധിക്കുള്ളിൽ റോഡ് തകർന്ന സംഭവങ്ങളിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. |
| (സി) പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) പൊതുമരാമത്ത് മാന്വലിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ, അധികാരങ്ങൾ, പ്രവൃത്തി ഏറ്റെടുത്ത് നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, വിവിധ പ്രവൃത്തികൾക്ക് അവലംബിക്കേണ്ട സ്പെസിഫിക്കേഷനുകൾ എന്നിവയാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. കരാറുകാരൻ പാലിക്കേണ്ട നിബന്ധനകൾ ടെണ്ടർ ഡോക്യുമെന്റിലാണ് പ്രതിപാദിക്കുന്നത്. |
| (ഡി) കുണ്ടും കുഴിയും നിറഞ്ഞ് അപകടാവസ്ഥയിലായ റോഡുകളിലൂടെയുള്ള യാത്ര റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) കുണ്ടും കുഴിയും നിറഞ്ഞ റോഡുകളിൽക്കൂടിയുള്ള യാത്ര റോഡപകടങ്ങൾ ഉണ്ടാകാനുള്ള ഘടകങ്ങളിൽ ഒന്നാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ഇ) | തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പരിഹാര നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (എഫ്) | ടാറിംഗ് കഴിഞ്ഞ് മിനിമം ഗ്യാരണ്ടി കാലയളവിനുള്ളിലാണോ റോഡ് തകർച്ചയുണ്ടായിട്ടുള്ളതെന്ന് പരിശോധിക്കാറുണ്ടോ ; | (എഫ്) | പരിശോധിക്കാറുണ്ട്. |
| (ജി) | എങ്കിൽ, ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണിയും നേരത്തെ പ്രവൃത്തി നടത്തിയ കരാറുകാരെക്കൊണ്ടുതന്നെ സ്വന്തം ചെലവിൽ ചെയ്യിപ്പിക്കുന്നതിന് ശ്രമിക്കാറുണ്ടോ ; ഇത്തരം കേസുകളുടെ വിശദാംശം നൽകാമോ ; | (ജി) | പ്രവൃത്തി ചെയ്തുകഴിഞ്ഞ് മിനിമം കാലാവധിക്കുള്ളിൽ തന്നെ റോഡ് തകരുകയാണെങ്കിൽ പ്രസ്തുത പണി നടത്തിയ കരാറുകാരന്റെ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തിക്കാനായി കരാറിൽ വ്യവസ്ഥയുണ്ട്. ഇത്തരം കേസുകളിൽ, റോഡ് തകരുകയാണെങ്കിൽ അറ്റകുറ്റപ്പണികൾ പ്രസ്തുത പണി നടത്തിയ കരാറുകാരന്റെ സ്വന്തം ചെലവിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| (എച്ച്) | റോഡ് നിർമ്മാണം സംബന്ധിച്ച നിബന്ധനകൾ പാലിക്കാതെ പ്രവൃത്തി നടത്തുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇത്തരം കരാറുകാരെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കുന്നതിന് സംവിധാനമുണ്ടോ ; | (എച്ച്) | നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണം സംബന്ധിച്ച നിബന്ധനകൾ പാലിക്കാതെ പ്രവൃത്തി നടത്തുന്ന കരാറുകാരെ ടെണ്ടർ നടപടികളിൽ നിന്നും വിലക്കുന്നതിന് സംവിധാനമുണ്ട്. |
| (ഐ) | സ്വന്തമായി തൊഴിലാളികളോ നിർമ്മാണ സാമഗ്രികളോ ഇല്ലാത്ത ഏതെങ്കിലും സ്ഥാപനത്തിന് സർക്കാർ ടെണ്ടറിൽ പ്രത്യേക പരിഗണന നൽകുന്നുണ്ടോ ; സി&എ.ജി ഇതു സംബന്ധമായി ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധിക്കുകയുണ്ടായോ ? | (ഐ) | സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ടെണ്ടറിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്. സി&എ.ജി ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**